**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2739** **03-08-2021 - ൽ മറുപടിയ്ക്ക്**

**തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ; | (എ) | തരിശുനിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി 2021-22 വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറിനു 40,000/- രൂപ ( 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമകൾക്കും) എന്ന നിരക്കിൽ കർഷകർക്ക് കൃഷി വകുപ്പ് ആനുകൂല്യം നൽകുന്നു. ഇതിനായി "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ 'തരിശ് ഭൂമിയിലെ നെൽകൃഷി' -ൽ ഉൾപ്പെടുത്തി 750 ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും തരിശ് നെൽകൃഷിക്ക് 40,000/- രൂപ (35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന "പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതിയിൽ" സുഭിക്ഷകേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 166.67 ഹെക്ടർ തരിശ് ഭൂമിയിൽ ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി "പയർ വർഗ്ഗ - കിഴങ്ങ് വർഗ്ഗ വിളകളുടെ പ്രോത്സാഹന പദ്ധതിയിൽ" 50 ഹെക്ടർ തരിശ് ഭൂമിയിൽ പയർ വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 15 ലക്ഷം രൂപയും, 70 ഹെക്ടർ തരിശ് ഭൂമിയിൽ കിഴങ്ങു വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 21 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. "പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം", "പയർ വർഗ്ഗ - കിഴങ്ങ് വർഗ്ഗ വിളകളുടെ പ്രോത്സാഹനം" എന്നീ പദ്ധതികൾ പ്രകാരം തരിശ് ഭൂമിയിൽ ചെറുധാന്യകൃഷി, പയർവർഗ്ഗ കൃഷി, കിഴങ്ങു വർഗ്ഗ കൃഷി എന്നിവയ്ക്ക് ഹെക്ടറിന് 30000/- രൂപ നിരക്കിൽ |

| | | | |
|---|---|---|---|
| | | | ധനസഹായം നൽകുന്നു. പാട്ടത്തിന് കൃഷി ചെയ്യുമ്പോൾ 27000/- രൂപ കർഷകനും 3000/- രൂപ സ്ഥലം ഉടമയ്ക്കുമാണ് നൽകുന്നത്. കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നു. തരിശു സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 40,000 രൂപയാണ് ധനസഹായം നൽകുന്നത്. ഇതിൽ ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 3000 രൂപയും കൃഷി ചെയ്യുന്ന കർഷകന് ഹെക്ടറിന് 37,000 രൂപയുമാണ് ധനസഹായം നൽകി വരുന്നത്. ഈ സാമ്പത്തിക വർഷം 625 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | തരിശു നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകുന്നത് എന്ന് വിശദമാക്കാമോ? | (ബി) | തരിശുനിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്ന തിനായി 2021-22 വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറിനു 40,000/- രൂപ ( 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമകൾക്കും) എന്ന നിരക്കിൽ കർഷകർക്ക് കൃഷി വകുപ്പ് ആനുകൂല്യം നൽകുന്നു. ഇതിനായി "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ 'തരിശ് ഭൂമിയിലെ നെൽകൃഷി' -ൽ ഉൾപ്പെടുത്തി 750 ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും തരിശ് നെൽകൃഷിക്ക് 40,000/- രൂപ (35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന "പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതിയിൽ" സുഭിക്ഷകേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 166.67 ഹെക്ടർ തരിശ് ഭൂമിയിൽ ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി "പയർ വർഗ്ഗ - കിഴങ്ങ് വർഗ്ഗ വിളകളുടെ പ്രോത്സാഹന പദ്ധതിയിൽ" 50 ഹെക്ടർ തരിശ് ഭൂമിയിൽ പയർ വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 15 ലക്ഷം രൂപയും, 70 ഹെക്ടർ തരിശ് ഭൂമിയിൽ കിഴങ്ങു വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 21 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. "പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം", "പയർ വർഗ്ഗ - കിഴങ്ങ് വർഗ്ഗ വിളകളുടെ പ്രോത്സാഹനം" എന്നീ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ പ്രകാരം തരിശ് ഭൂമിയിൽ ചെറുധാന്യകൃഷി, പയർവർഗ്ഗ കൃഷി, കിഴങ്ങു വർഗ്ഗ കൃഷി എന്നിവയ്ക്ക് ഹെക്ടറിന് 30000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു. പാട്ടത്തിന് കൃഷി ചെയ്യുമ്പോൾ 27000/- രൂപ കർഷകനും 3000/- രൂപ സ്ഥലം ഉടമയ്ക്കുമാണ് നൽകുന്നത്. കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നു. തരിശു സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 40,000 രൂപയാണ് ധനസഹായം നൽകുന്നത്. ഇതിൽ ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 3000 രൂപയും കൃഷി ചെയ്യുന്ന കർഷകന് ഹെക്ടറിന് 37,000 രൂപയുമാണ് ധനസഹായം നൽകി വരുന്നത്. ഈ സാമ്പത്തിക വർഷം 625 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ